പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4692 | 18/12/2014 – ൽ മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക, ആരോഗ്യ പ്രശ്നങ്ങൾ

### ചോദ്യം

**ശ്രീ.കെ.എൻ.എ.ഖാദർ :**

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലെയും വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക, ആരോഗ്യ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്താൻ ശ്രമിച്ചിട്ടുണ്ടോ;

(ബി) ആയത് വിലയിരുത്തുന്നതിന് എല്ലാ സർക്കാർ സ്കൂളുകളിലും കൗൺസിലിങ് ഏർപ്പെടുത്തുന്നതിനായി ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസവകുപ്പ് മന്ത്രി)

(എ) യും (ബി)യും

ഉണ്ട്. കുട്ടികളുടെ മാനസിക, ശാരീരിക, ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 1200 സർക്കാർ - എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. ക്ലബ്ബുകൾക്ക് നേതൃത്വം നൽകുന്ന അദ്ധ്യാപകർക്ക് കൗൺസലിംഗിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ സർക്കാർ - എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂകളിലെയും വിദ്യാർത്ഥികളുടെ മാനസിക ശാരീരിക ആരോഗ്യ പ്രശ്നങ്ങൾ ഏതൊക്കെയെന്ന് വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് ആന്റ് കൗൺസലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ വിലയിരുത്തിയിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ മാനസികം, സാമുദായികം, സാമൂഹികം, ശാരീരികം, ആരോഗ്യപരം എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. എല്ലാ സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും കരിയർ ഗൈഡൻസ് ആന്റ് കൗൺസലിംഗ് എന്ന പേരുള്ള താല്ക്കാലിക സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ